**അടിയന്തിരം**

**"ഭരണഭാഷ – മാതൃഭാഷ"**

## സംസ്ഥാന ആസൂത്രണ ബോർഡ്

നം.എസ്.പി.ബി/452/2021–ഇ 1

പട്ടം പാലസ് പി.ഒ,
തിരുവനന്തപുരം,
തീയതി:14/02/2022

### പരിപത്രം

**വിഷയം:** സംസ്ഥാന ആസൂത്രണ ബോർഡ് ജീവനക്കാര്യം – 2021 മുതലുള്ള ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

**സൂചന–**1 സ.ഉ(സാധാ)നം.3113/2021/പൊ.ഭ.വ തീയതി 18.08.2021
2. ഈ കാര്യാലയത്തിലെ 09.09.2021 തീയതിയിലെ ഇതേ നമ്പർ പരിപത്രം
3. 28.01.2022 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പര് പരിപത്രം

**അഡീഷണൽ ചീഫ് സെക്രട്ടറിയും സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുമായ ശ്രീ.ടീക്കാ റാം മീണ ഐ.എ.എസ് 28.02.2022 ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.** ഈ സാഹചര്യത്തില് ഈ വകുപ്പില് കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിഷ്കർഷിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അവരവരുടെ 2021 വർഷത്തെ ആഗസ്റ്റ് 31 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഫിസിക്കലായും 2021 സെപ്റ്റംബർ 1 മുതലുള്ളവ www score.kerala.gov.in എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേനയും സമർപ്പിക്കേണ്ടതാണ്.

**കോണ്ഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിഷ്കർഷിച്ചിട്ടുള്ള ഉദ്യോഗസ്ഥർ മേല്പടി വെബ്സൈറ്റ് സന്ദർശിച്ച് അവരവരുടെ പേര് രജിസ്റ്റർ ചെയ്ത് 2021 സെപ്റ്റംബർ 1 മുതലുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ആഫീസർക്ക് രണ്ട് ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതും റിപ്പോർട്ടിംഗ് ആഫീസർക്ക് ലഭിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിശോധിച്ച് ഉടൻ തന്നെ റിവ്യൂവിംഗ് ആഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ഓരോ കലണ്ടർ വർഷത്തേക്കുമാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. ഒരു കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ഒന്നിൽ കൂടുതൽ വർഷത്തെ റിപ്പേർട്ടുകൾ ഉൾപ്പെടുത്താൻ പാടുള്ളതല്ല.**

ഉദ്യോഗസ്ഥര് അവരവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ആഫീസർക്കും റിപ്പോർട്ടിംഗ് ആഫീസർ ആയത് റിവ്യൂവിംഗ് ആഫീസർക്കും യഥാസമയം സമർപ്പിക്കാതെ വന്നാൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ റിവ്യൂ ചെയ്യുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നതാണെന്നും തുടർന്ന് ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നത് തടസ്സപ്പെടുന്നതാണെന്നും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും ഓർമ്മപ്പെടുത്തുന്നു. **ആയതുകൊണ്ട് കോണ്ഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിഷ്കർഷിച്ചിട്ടുള്ള ഉദ്യോഗസ്ഥരും റിപ്പോർട്ടിംഗ് ആഫീസർമാരും മേല്പടി സമയപരിധി കർശനമായും പാലിക്കേണ്ടതാണ്.**

ഇതുസംബന്ധിച്ച സംശയ നിവാണത്തിനായി മേല്പടി വെബ്സൈറ്റില് ലഭ്യമായ ഈ വകുപ്പിന്റെ നോഡൽ ആഫീസറെ ബന്ധപ്പെടാവുന്നതാണ്.

Gopinath R
Sr. Administrative Officer
E-mail-es.spb@kerala.gov.in
Ph- 0471 2541270

**സ്വീകർത്താക്കൾ**

1. വൈസ് ചെയര്‍പേഴ്സന്റെ പി.എസ്-ന്
2. മെമ്പര് സെക്രട്ടറിയുടെ സി.എ-യ്ക്ക്
3. സീനിയര് അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ-യ്ക്ക്
4. എല്ലാ സെക്ഷന്/ഡിവിഷൻ മേലധികാരികൾക്കും (ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പകർപ്പ് നൽകുന്നതിനും തുടർ നടപടിയ്ക്കായും)
5. എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസര്‍മാർക്കും (ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പകർപ്പ് നൽകുന്നതിനും തുടർ നടപടിയ്ക്കായും)
6. ഐ.ടി വിംഗ്, എസ്.പി.ബി (സംസ്ഥാന ആസൂത്രണ ബോർഡ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Digitally signed by GOPINAT
R
Date:Mon Feb 14 11:29:33 IST
2022
Reason: Approved